# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6260 02.07.2013-ലെ മറുപടിക്ക്

## രൂപയുടെ മൂല്യം കുറഞ്ഞുവരുന്ന സ്ഥിതി വിശേഷം

**ചോദ്യം** **ഉത്തരം**

ശ്രീമതി. .കെ. എസ്. സലീഖ

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | അമേരിക്കൻ ഡോളറിനെതിരെ രൂപയുടെ മൂല്യം കുറഞ്ഞുവരുന്നത് സംസ്ഥാന ധനകാര്യ മാനേജ്മെന്റിനെ തകിടം മറിക്കാനും സംസ്ഥാനത്ത് വില വർദ്ധനവ് ഉണ്ടാകാനും വഴിതെളിയിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രൂപയുടെ മൂല്യത്തകർച്ച പെട്രോളിയം ഉൽപ്പന്നങ്ങളുടേയും തദ്ദേശ അവശ്യസാധനങ്ങളുടേയും വിലവർദ്ധനയ്ക്ക് കാരണമാകും. എന്നിരുന്നാൽ തന്നെയും രൂപയുടെ വിലയിടിവ് സംസ്ഥാനത്തിലേയ്ക്ക് വിദേശമലയാളികൾ അയയ്ക്കുന്ന തുകയിൽ വൻ വർദ്ധനവിനും, ഐ.ടി., സമുദ്രോൽപന്നം, കയർ, മറ്റു നാണ്യവിളകൾ മുതലായ കയറ്റുമതി അനുബന്ധ മേഖലകളിലുള്ള വരുമാന വർദ്ധനവിനും ഇടയാക്കും. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ ഒരു പരിധിവരെ വിദേശ മലയാളികളുടെ സംഭാവനയെയും കയറ്റുമതി മേഖലയെയും ആശ്രയിച്ചാണെങ്കിലും രൂപയുടെ മൂല്യത്തകർച്ച മൂലമുണ്ടാകുന്ന വില വർദ്ധനവ് എല്ലാ ഭക്ഷ്യോത്പന്നങ്ങൾക്കും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് കടുത്ത ആഘാതമാകും. വിലക്കയറ്റം മറികടക്കാൻ പൊതുവിതരണ ശൃംഖലകളിലൂടെ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾക്ക് വർദ്ധിച്ച സബ്സിഡി നൽകേണ്ടി വരുന്നത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുകയും ചെയ്യും. |
| (ബി) | എങ്കിൽ ഇതിൽ നിന്നുള്ള മോചനത്തിനും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വ്യക്തമാക്കുമോ ; | രൂപയുടെ മൂല്യശോഷണം നിയന്ത്രിക്കുന്നതിനും അത് വഴി സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടത് പ്രധാനമായും കേന്ദ്ര സർക്കാരും ഭാരതീയ റിസർവ് ബാങ്കുമാണ്. റിസർവ്വ് ബാങ്കിന്റേയും കേന്ദ്രസർക്കാരിന്റേയും നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും അനുസൃതമായി സംസ്ഥാനത്ത് കൂടുതൽ നേരിട്ടുള്ള വിദേശ നിക്ഷേപ (FDI) സാഹചര്യം ഒരുക്കുക, രാജ്യത്ത് ചരക്ക് സേവന നികുതി (GST) നടപ്പാക്കുന്നത് ത്വരിതപ്പെടുത്താൻ കേന്ദ്രത്തോട് ശുപാർശ ചെയ്യുക മുതലായ നടപടികൾ സംസ്ഥാനത്തിന് പ്രാവർത്തികമാക്കാൻ സാധിക്കും. കൂടാതെ, സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം ഉയർത്തി, ചരക്കുകളുടെയും സേവനങ്ങളുടെയും ലഭ്യത കൂട്ടി വിലക്കയറ്റത്തെ തടയുന്നതും, കയറ്റുമതി പ്രോത്സാഹിപ്പിച്ച് കൂടുതൽ വിദേശ നാണ്യം നേടിയെടുക്കുന്നതും ഒരു പരിധിവരെ രൂപയുടെ മൂല്യശോഷണത്തെ ചെറുക്കുവാൻ സഹായിക്കും. ഇതിനുള്ള നടപടികൾ സർക്കാർ ആലോചിച്ച് നടപ്പാക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | ആയതിന് 'ഊഹക്കച്ചവടക്കാർ' കാരണക്കാരാകുന്നു എന്ന റിസർവ്വ് ബാങ്ക് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഊഹക്കച്ചവടക്കാരെ നിയന്ത്രിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. വ്യക്തമാക്കുമോ | രൂപയുടെ വിനിമയ മൂല്യവും വിദേശ നിക്ഷേപ സമാഹരണവും നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് റിസർവ് ബാങ്ക് ആയതിനാൽ ഇക്കാര്യത്തിൽ നടപടികൾ കൈക്കൊള്ളേണ്ടത് റിസർവ് ബാങ്കാണ്. ഊഹക്കച്ചവടക്കാരെ നിയന്ത്രിക്കേണ്ടത് 'സെബി'യുടെ ചുമതലയാണ്. |
| (ഡി) | ഇതിന്റെ ആഘാതത്തിൽ നിന്നും രക്ഷനേടാൻ കേന്ദ്ര സർക്കാരിനോട് എന്തെങ്കിലും സഹായം സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ധനസഹായം ലഭ്യമാക്കാൻ ആവശ്യപ്പെടുമോ ; വിശദമാക്കുമോ ? | ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിനോട് ധന സഹായം ആവശ്യപ്പെട്ടിട്ടില്ല. ഇക്കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ